# 1 വർണ്ണപ്പകിട്ട് -2019

## CKMHSS KORUTHODU

TEAM

# ഉള്ളടക്കം

**1.**സ്നേഹമുള്ള കൂട്ടുകാരൻ.......................................കഥ

**2.**സുഹ്രുത്ത് ബന്ധം..............................................കഥ

**3.**ജീവിത നഷ്ടം....................................................കഥ

**4.**ഭൂതവും കച്ചവടക്കാരനും......................................കഥ

**5.**മത്സ്യം................................................................കവിത

**6.**കഴുതയുടെ വിഢ്ഢിത്തം....................................കഥ

**7.**തറവാട്...............................................................കഥ

**8.**സർവ്വ സുഗന്ധി.................................................കവിത

# സ്നേഹമുള്ള കൂട്ടുകാരൻ

ഒരിടത്തൊരു മാനും കുറുക്കനും ഉണ്ടായിരുന്നു . അവർ ഉറ്റ ചങ്ങാതിമാരായിരുന്നു.
ഒരുദിവസം മാനും കുറുക്കനും കൂടി തീറ്റ അന്വേഷിക്കാൻ പോയി.
എന്നാൽ അവർക്ക് ആഹാരം ഉണ്ടായിരുന്നസ്ഥലം ഒരു വയലായിരുന്നു മാൻ അവിടെയുണ്ടായിരുന്നു പച്ചിലകൾ കഴിക്കുവാനും കുറുക്കൻ അവിടെയുണ്ടായിരുന്ന പ്രാവുകളെ കഴിക്കുവാനും പോയി.

ഇലകൾ അന്വേഷിച്ചുപോയ മാൻ കർഷകൻ വെച്ചിരുന്ന വലയിൽ കുടുങ്ങി. തൻറെ കൂട്ടുകാരനായ കുറുക്കനെഅടുത്തേക്ക് വിളിച്ച് തന്നെ രക്ഷിക്കാൻ അപേക്ഷിച്ചു .
എന്നാൽ കുറുക്കൻ ആരെയെങ്കിലും കൂട്ടിക്കൊണ്ടുവരാൻ എന്ന് പറഞ്ഞ് പോയിട്ട് ഒരു മരത്തിനു മറവിൽ ഒളിച്ചിരുന്നു.
അതേസമയം വച്ചിരുന്ന കർഷകൻ അവിടെയെത്തിയിരുന്നു. ചത്ത പോലെ അഭിനയിച്ചു.
കർഷകൻ വന്നു വല ഉയർത്തുകയും മാൻ ഓടിപ്പോവുകയും ചെയ്തു.
മാനിനെ പിടിക്കാൻ കർഷകൻ പുറകെ ഓടി. ഇതുകണ്ട് കുറുക്കൻ ഭയന്നോടി. കൈയിലുണ്ടായിരുന്ന ആയുധമാണ് നേർക്ക് അദ്ദേഹം എറിഞ്ഞു എന്നാൽ ആയുധംകൊണ്ട് കുറുക്കന്റെ തലയിലായിരുന്നു.

വ്യാസൻ

# സുഹൃത്ത് ബന്ധം

ഒരിടത്തൊരിടത്ത് ഒരു ഉറുമ്പും ഒരു കിളിയും താമസിച്ചിരുന്നു. അവർ നല്ല സുഹൃത്തുക്കളായിരുന്നു. രണ്ടുപേർക്കും ഒരു വന്നാൽ അവർ അങ്ങോട്ടുമിങ്ങോട്ടും സഹായിക്കുമായിരുന്നു.
ഒരിക്കൽ ഇവർ രണ്ടുപേരും കൂടി ഒരു പുഴക്കരയിൽ ഇരിക്കുകയായിരുന്നു. ഇരുവരും കഴിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ വെള്ളത്തിലേക്ക് വീണു. എന്തുചെയ്യണമെന്നറിയാതെ കുഞ്ഞുറങ്ങും വെള്ളത്തിൽ കിടന്നു. അപ്പോൾ സുഹൃത്തായകിളിക്ക് ഒരു ബുദ്ധി തോന്നി. കിളി ഒരു മരത്തിൽ ചെന്നിരുന്ന് ഒരു ഇല പുഴയിലേക്ക് കുത്തിയിട്ടു. ഉറുമ്പ് അതിൽ കയറി രക്ഷപ്പെട്ടു. ഉറുമ്പ് നന്ദി പറഞ്ഞു.

അതുകഴിഞ്ഞ് ഇരുവരും കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഒരു വേടൻ കിളിക്ക് നേരെ അമ്പെയ്യാൻചെയ്യാനൊരുങ്ങി. അപ്പോൾ കുഞ്ഞുറുമ്പ് വേദന കാലിൽ ഒറ്റത്തടി വേടൻ വേദന സഹിക്കാതെ കരഞ്ഞുകൊണ്ട് ഓടിപ്പോയി പിന്നീടവർ അതുപോലെതന്നെ നല്ല സുഹൃത്തുക്കളായി ജീവിച്ചു.

പാർവതി

# ജീവിതം നഷ്ടം

ഒരിടത്ത് ഒരു അമ്മയും മകനും ഒരു മകളും ഉണ്ടായിരുന്നു. അവരുടെ ഭർത്താവ് മരിച്ചുപോയിരുന്നു. എന്നാലും അവർ ജീവിച്ചു. അവരുടെ മകൻറെ പേര് ഉണ്ണി എന്നായിരുന്നു.അവരുടെ മകളുടെ പേര് ഗൗരി എന്നായിരുന്നു. അവരുടെ അച്ഛൻ മരിക്കുന്നതിനുമുമ്പ് ഒരു ലോൺ എടുത്തിരുന്നു. അയാളുടെ അനുജൻ കല്യാണം നടത്താൻ വേണ്ടിയായിരുന്നു. അതിനുശേഷമാണ് അദ്ദേഹം മരിച്ചത്.
അദ്ദേഹം മരിച്ചതിനു ശേഷം ഇവർ കടുത്ത ദാരിദ്ര്യത്തിൽ പെട്ടു. എന്നിരുന്നാലും അവർ ജീവിതത്തോട് പോരാടി. കുറെനാൾ കഴിഞ്ഞപ്പോൾ ജപ്തി നോട്ടീസ് വന്നു. അവരുടെ വീട്ടിൽ വന്നു. നോട്ടീസ് കണ്ട് അവർ ആകെ പരിഭ്രമിച്ചു. ആ നോട്ടീസ് കണ്ട് അവരുടെ ഭർത്താവിന് അനുജൻ അവരുടെ വീട്ടിൽ വന്ന പ്രശ്നമുണ്ടാക്കി. അവരെ ഭീഷണിപ്പെടുത്തി. അവസാനം ഗൗരിയെ തട്ടിക്കൊണ്ടുപോകുന്ന ഭീഷണിപ്പെടുത്തി. അവസാനം അവർക്ക് അവരുടെ ജീവിതം മടുത്തു. വീട് നഷ്ടമാകുമെന്ന് ആയപ്പോൾ, മകളെയും കൊണ്ട് തെരുവിലിറങ്ങുന്ന കാര്യം ആലോചിച്ചപ്പോൾ മക്കൾ പോലുമറിയാതെ അവരുടെ ഭക്ഷണത്തിൽ വിഷം കലർത്തി രണ്ടു മക്കളും മരിച്ചു. ഭ്രാന്തിയായ അമ്മ സ്വയം വിഷം കഴിച്ചുമരിച്ചു.

**അർച്ചന**

# ഭൂതവും കച്ചവടക്കാരനും

ഒരിടത്ത് ഒരു നെയ്യപ്പം കച്ചവടക്കാരൻ ഉണ്ടായിരുന്നു. അദ്ദേഹം നെയ്യപ്പം ചന്തയിൽ പോയി വിറ്റ് കൊണ്ടുവരുന്ന പണം കൊണ്ടാണ് ആ കുടുംബം നിലനിന്നിരുന്നത്. അദ്ദേഹം നെയ്യപ്പം കൊണ്ടുപോയിരുന്നത് കഴുതപ്പുറത്തായിരുന്നു. ഒരിക്കൽ അദ്ദേഹം കാട്ടിലേക്ക് പോവുകയായിരുന്നു. അപ്പോൾ ഒരു മരത്തിൽനിന്ന് ഒരു ഭൂതം വന്നു. അയാൾ പേടിച്ചു പോയി. പറഞ്ഞു" എനിക്ക് വിശക്കുന്നു ഞാൻ നിന്നെ ഭക്ഷിക്കാൻ പോകുന്നു". അദ്ദേഹം പറഞ്ഞു" ഞാൻ നിങ്ങൾക്ക് നെയ്യപ്പം തരാം" ഭൂതം പറഞ്ഞു.' എങ്കിൽ വേഗം തരൂ'. അദ്ദേഹം കൊടുത്തു. ഭൂതം പറഞ്ഞു ഇനിയും എനിക്ക് വേണം. ഇതെനിക്ക് ചന്തയിൽ കൊണ്ടുപോയി വിൽക്കാനുള്ളത്. അത് തന്നില്ലെങ്കിൽ ഞാൻ നിന്നെ ഭക്ഷിക്കും ഭൂതം പറഞ്ഞു. അപ്പോൾ കച്ചവടക്കാരൻ ഒരു ബുദ്ധി തോന്നി. തന്നില്ലെങ്കിൽ താനെന്തു ചെയ്യും എന്ന് അദ്ദേഹം ചോദിച്ചു. ഭൂതം പറഞ്ഞു തന്നില്ലെങ്കിൽ ......ഞാൻ ഭയങ്കര ശക്തി കാണിച്ചു പറഞ്ഞു എനിക്ക് വലുതാകാം ചെറുതാകാം. വലുതാകുന്തോറും എൻറെ ശക്തികൂടും ചെറുതാകുമ്പോൾ ശക്തി കുറയും. ഓഹോ അങ്ങനെയാണല്ലേ എങ്കിൽ ചെറുതായി പെട്ടിക്കുള്ളിൽ കേറാൻ കച്ചവടക്കാരൻ പറഞ്ഞു. പറഞ്ഞ മാത്രയിൽ തന്നെ ഭൂതംപെട്ടിക്കുള്ളിൽ അപ്പോൾതന്നെ കച്ചവടക്കാരൻ അടയ്ക്കുകയും ചെയ്തു. അദ്ദേഹം ആ പെട്ടി കടലിലേക്ക് വലിച്ചെറിഞ്ഞു ശേഷം കച്ചവടക്കാരൻ കടയിലേക്ക് പോയി.

ആൻ മരിയ

# മത്സ്യം

മണൽത്തരിയോളം പോന്നൊരു മത്സ്യം
കടൽ തിരയോട് ഒറ്റയ്ക്ക് പൊരുതി നിന്നു.
വേലിയേറ്റങ്ങളും വൈകുന്നേരങ്ങളിൽ അവൻ
എല്ലാ കുട്ടികൾക്കും മുകളിൽ ഒഴുക്കുകൾ
ഉൾവലിയുമ്പോൾ
എല്ലാ രഹസ്യങ്ങൾക്കും അടിയിൽ.
വലക്കണ്ണികൾ അവനോളം ചെറുതാകാൻ ആയില്ല
ചൂണ്ടുകൾക്ക് അവനോളം വളയാനും
അവനെ പരുന്തിൻ കണ്ണുകൾക്ക് കോർത്തെടുക്കാൻ
ഉപ്പു വലയങ്ങൾ ഉണക്കിയെടുക്കാൻ സാധിച്ചില്ല
ധ്രുവങ്ങളുടെ തണുപ്പിനു അവനെ
മരവിപ്പിക്കാൻ കഴിഞ്ഞില്ല.
നക്ഷത്രങ്ങളും അവതാരങ്ങളും അവനെ
തലയ്ക്കുമുകളിലൂടെ കടന്നുപോയി
അവൻ ഒരു പിടികൊടുത്തില്ല
ഒരു കണ്ണാടിയും കാഴ്ചയില്ല
ഒരു ചന്തം കിട്ടില്ല........
ഭ്രാന്ത് പിടിച്ച രക്തത്തിലൂടെ
ചൂട്ടുപഴുത്ത സൂചിപോലെ
പിന്നിൽ തന്നെക്കാൾ വേഗത്തിൽ കടൽ
വഹിച്ചുവരുന്നത് അറിയാതെ.

# കഴുതയുടെ വിഡ്ഢിത്തം.

പണ്ട് പണ്ട് ഒരു ചെറിയ നഗരത്തിൽ മിടുക്കനായ ഒരു ശില്പി മനോഹരമായ പ്രതിമകൾ ഉണ്ടാക്കി വിറ്റിരുന്നു. ഒരുദിവസം മനോഹരമായ ഒരു ശിൽപം തന്നെ കഴുതയുടെ പുറത്തു കേറ്റി നഗരവീഥികളിലൂടെ കൊണ്ടുപോയി. അടുത്ത പട്ടണത്തിലെ ധനികന് കൊടുക്കാനായിരുന്നു അത്. പ്രഭാതകിരണങ്ങൾ പ്രതിമ മിന്നിത്തിളങ്ങി കൊണ്ടിരുന്നു. വഴിയാത്രക്കാർ ഇത് കണ്ട് അത്ഭുതപ്പെട്ടു. ചിലർ ആ പ്രതിമ കണ്ടു കൈകൂപ്പി വണങ്ങി. ദൈവം ആണെന്ന് കരുതി. നഗരത്തിൽ തിരക്കേറി. കൂടുതൽ പേരെത്തി. ജനങ്ങളുടെ ഭക്തിഗാനങ്ങൾ കഴുത വളരെയേറെ സന്തോഷവാനായി. ആളുകളുടെ തിരക്ക് കൂടിയപ്പോൾ കഴുത്തിൽ നിന്നുകൊടുത്തു. ആളുകൾ തന്നെയാണ്  വണങ്ങുന്നു എന്നും ഭക്തജനങ്ങൾക്ക് തന്നെ വണങ്ങാൻ സാവകാശം കിട്ടിക്കോട്ടെ എന്നുമായിരുന്നു ആ കഴുതയുടെ ചിന്ത. ശില്പി കഴുതയോട് നടക്കാൻ പറഞ്ഞു. എന്നാൽ അത് നടക്കാൻ കൂട്ടാക്കിയില്ല അപ്പോൾ ഒരു വലിയ ചാട്ടവാർ വാങ്ങി അതിനെ അടിച്ചു. വേദനിച്ചപ്പോൾ അതു വീണ്ടും നടക്കാൻ തുടങ്ങി. ശില്പികഴുതയോട് പറഞ്ഞു, എടാ മണ്ടാ, എന്നെങ്കിലും മനുഷ്യൻ വിചാരിക്കുന്നുണ്ടോ?.... എന്തു വിഡ്ഢിയാണ് നീ അതുകൊണ്ടുതന്നെ നിനക്കുള്ള സമ്മാനം അടി മാത്രമാണ്. അപ്പോൾ കഴുതയ്ക്ക് കാര്യം മനസ്സിലായി അതോടെ അവൻ വേഗം നടക്കാൻ തുടങ്ങി. തൻറെ ഏത് വ്യർത്ഥമായ ചിന്തയായിരുന്നു എന്ന കാര്യംഅവന് മനസിലായി.

ജിയ

**CKMHSS KORUTHODU**

# തറവാട്

അസ്തമയസൂര്യൻ പൂർണമായും മറഞ്ഞിരുന്നു .നിലാവ് പരത്തുന്ന പൂർണ്ണചന്ദ്രൻ അധികാരം സ്ഥാപിച്ചു.നഗരത്തിലെ നടുവിലുള്ള ഫ്ലാറ്റിലെ നാലാം നിലയിൽ നിന്നും നാലാം നിലയിൽ നിന്നും അവൾ താഴേക്ക് നോക്കി മൂന്നാം നിലയിൽ താമസിക്കുന്ന രവിശങ്കറും ഭാര്യയും കുട്ടികളും പുറത്തു പോയി മടങ്ങിയെത്തി. കുസൃതി വിട്ടുമാറാത്ത രണ്ടുകുട്ടികളും അമ്മയുടെയും അച്ഛനെയും കൈവിട്ട ഓടുന്നു. അവരെ കണ്ടപ്പോൾ അവളുടെ മനസ്സിലേക്ക് ഓർമ്മകളുടെ ഒഴുകിയെത്തുകയായിരുന്നു. ആ പുഴ യാകുന്ന ഭൂതകാലത്തേക്ക് ഇറങ്ങുന്തോറും വർത്തമാനകാലം അവൾ മറക്കുകയായിരുന്നു.

ഗ്രാമത്തിലെ നടുവിലായിരുന്നു തറവാട് .മുത്തശ്ശനും മുത്തശ്ശിയും അച്ഛനും അമ്മയും അച്ഛനും സഹോദരങ്ങളും കുടുംബവും ഞങ്ങൾ കുട്ടികളും എല്ലാവരും തറവാട്ടിലായിരുന്നു. സന്തോഷകരമായ ബാല്യകാലത്തിൽ തറവാട് ഒരു മുഖ്യ പങ്കു വഹിച്ചിരുന്നു. കൂട്ടുകാർ കൂടി മാവിൽ കല്ലെറിയുന്നതും വടക്കേ പുറത്തുള്ള കുളത്തിലും അമ്പല കുളത്തിൽ ചാടി മറഞ്ഞതും വിഷുവിന് അതിരാവിലെ എഴുന്നേറ്റ് ഉണ്ണിക്കണ്ണനെ കണി കണ്ടതും അച്ചുവിന് കിട്ടിയ കൈനീട്ടം തട്ടിപ്പറിക്കാൻ നോക്കിയപ്പോൾ അമ്മ വഴക്കു പറഞ്ഞതും ഉത്സവത്തിനു വന്ന ആനയുടെ ബാലനെപ്പറ്റി അഭിപ്രായങ്ങൾ പറഞ്ഞുവാദിച്ചതും ഇപ്പോഴും മായാത്ത ഓർമ്മകളാണ്. പഠനം കഴിഞ്ഞപ്പോൾ താനുൾപ്പെടെ ഓരോരുത്തരും ലോകത്തിലെ ഓരോ

ദിക്കിലായി. തറവാട്ടിൽ പിന്നെ ഒത്തുചേരുന്നത് വല്ലപ്പോഴുമായി .ഗ്രാമത്തിലെ ഓരോ സുഖവും നഗരത്തിൽ കിട്ടില്ലെന്നും മനസിലായി. മുത്തച്ഛനെയും മുത്തശ്ശിയെയും മരണശേഷം എല്ലാവരും വിദേശത്തും മക്കളുമായി ഒപ്പവും ആയി. തറവാട്ടിൽ ആരുമില്ലാത്ത അവസ്ഥ. അവസാനം അത് പൊളിക്കാൻ തന്നെ തീരുമാനിച്ചു .ഒരായിരം ഓർമ്മകൾ ഉറങ്ങുന്ന തറവാട് പൊളിഞ്ഞപ്പോൾ അവിടെ ബന്ധങ്ങൾക്കും വിള്ളൽ വീണു. കൂട്ടുകാരി വന്നു വിളിച്ചപ്പോഴാണ് അവൾ ഭൂതകാലത്ത് നിന്നും ഉണർന്നത്. ഇങ്ങനെ സ്വപ്നം കണ്ടുകൊണ്ട് നിന്നാൽ നാളെ ജോലിക്ക് പോകാൻ കഴിയില്ലെന്ന് അവൾ ഓർമപ്പെടുത്തി. ആകുമ്പോഴും അവളുടെ മനസ്സ് എന്തോ നഷ്ടപ്പെട്ട പോലെ തേങ്ങുകയായിരുന്നു .

**ആൻട്രീസ**

# സർവ്വ സുഗന്ധി

നിലാവിൻറെ താഴത്ത് പൂത്തുനിൽക്കുന്ന
ചെമ്പക പൂവിൻ നറുമണം പോലെ
അഞ്ചിതമായ് പൊന്തിയ താരകം

ഈറനാം കൺകളിൽ കണ്ട കിനാക്കൾ
ഈ രാവിൽ തന്നെ മറന്നുവല്ലോ
പുലർകാല നിങ്ങളെ പോലെ ഇവൾ
സുഗന്ധിയാം സുസ്മേര ജ്വാല അല്ലേ

നാരി നീ കാമിനി സോദരി അമ്മയായി
വേളി യായി പൂജയായി ശക്തിയായി ദേവിയായി
ഭൂവിൻ തുടിപ്പായി തീർന്നിടട്ടെ
ചൊല്ലട്ടെ എൻ ആത്മഗതങ്ങൾ ഉണരുക

നിൻ ഭവനം ശ്രീകോവിൽ ആക്കിയ
നീ തന്നെയായി ഭൂവിന്റെ ശക്തി
ഉണരുക മക്കളെ ഉണർന്നീടുക

**ജിയ**

# THANK YOU………